**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **09-08-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലകളിലെ പരിഷ്കാരം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള സി.എഫ്.എസ്.സി. ( കോമൺ ഫെസിലിറ്റി സർവ്വീസ് സെൻറർ ) കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ വകുപ്പിന് കീഴിൽ മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലുമായി രണ്ട് പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (സി.എഫ്.എസ്.സി) ആണ് ഉള്ളത്. നടപ്പ് സാമ്പത്തിക വർഷം ഈ സി.എഫ്.എസ്.സി-കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 വർഷത്തെ ബഡ്ജറ്റിൽ സി എഫ് എസ് സി-കളെ CFSC- CGATE (COMMON FACILITY SERVICE CENTRE - CENTRE OF EXCELLENCE FOR GOVERNMENT ASSISTANCE IN TECHNOLOGY AND ENTREPRENEURSHIP) എന്നാക്കി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സി.എഫ്.എസ്.സി-കളിലെ ഈ വർഷത്തെ പ്രധാന പ്രവർത്തങ്ങൾ താഴെ പറയുന്നു<br><br>1 .<u>മഞ്ചേരി സി എഫ് എസ് സി</u><br><br>മഞ്ചേരി സി.എഫ്.എസ്.സി-ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും പരിശീലന പരിപാടികൾക്കുമായി 2023-24 സാമ്പത്തിക വർഷം 98,82,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി വ്യവസായ സംരംഭകർക്കുള്ള സേവനം വിപുലപ്പെടുത്തുന്നതിന് സി.എൻ.സി മില്ലിങ് മെഷീനും വലിപ്പമുള്ള റബ്ബർ ഉത്പന്നങ്ങൾ കൂടി നിർമ്മിക്കുന്നതിലേക്കായി ഒരു ഹൈഡ്രോളിക് പ്രസ്സും ഈ സാമ്പത്തിക വർഷം സ്ഥാപിക്കുന്നുണ്ട്. കൂടാതെ നവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡസ്ട്രിയൽ ഹോട്ട് എയർ ഓവൻ ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങളോട് കൂടിയ പ്രായോഗിക പരിശീലന ഹാൾ സജ്ജമാക്കിയിട്ടുണ്ട്. സി.എഫ്. എസ്. സി മഞ്ചേരിക്ക് ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ (NSDC) റബ്ബർ അധിഷ്ഠിത |

| | | | |
|---|---|---|---|
| | | | നൈപുണ്യ വികസനകേന്ദ്രമായി അംഗീകാരം നേടിയെടുക്കാൻ ഈ വർഷം സാധിച്ചിട്ടുണ്ട്. അതിന്റെ പരിശീലനപരിപാടികൾ ഉടൻ ആരംഭിക്കുന്നതാണ്. മലപ്പുറത്തെയും സമീപ ജില്ലകളിലെയും ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനവും, ഗവേഷകർക്ക് ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സേവനങ്ങളും ലളിതമായ നടപടി ക്രമങ്ങളിലൂടെ നൽകി വരുന്നു<br><br><u>2 ചങ്ങനാശ്ശേരി സി എഫ് എസ് സി</u><br><br>ചങ്ങനാശ്ശേരി സി.എഫ്.എസ്.സി-യുടെ വികസനത്തിനായി ഈ വർഷം 37.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനവും നൂതനമായ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മെഷിനറികളും ടെസ്റ്റിങ്ങ് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ചങ്ങനാശ്ശേരി സി. എഫ്. എസ്. സി -യിൽ RD&I (RESEARCH, DEVELOPMENT & INCUBATION) Wing ആരംഭിച്ചു. വാണിജ്യവൽക്കരിക്കാൻ സാദ്ധ്യതയുള്ള റബ്ബർ ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് പേറ്റന്റ് നേടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു |
| (ബി) | എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഉള്ള ഇൻകുബേഷൻ സെന്ററുകളെ കേന്ദ്രീകൃതമാക്കുന്നതിനായി സി.എഫ്.എസ്.സി - സി.ജി.എ.റ്റി.ഇ.യുടെ പ്രവർത്തനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ? | (ബി) | മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലും ഉള്ള സി.എഫ്. എസ്. സി-കളിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഇൻകുബേഷൻ സെന്ററുകൾക്ക് സേവനം നൽകാൻ കഴിയുന്ന രീതിയിൽ CGATE ആയി ഉയർത്തുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ